"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018 മഹാപ്രളയത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കിടെ മരണപ്പെട്ട ശ്രീ.അബ്ദുൾ ജലീലിന്റെ കുടുംബത്തിനും, ശ്രീ.അശോകന്റെ കുടുംബത്തിനും 2 ലക്ഷം രൂപ വീതം നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയം ഭരണ (എഫ് എം) വകുപ്പ്**

G.O.(Rt) No.1461/2020/LSGD തീയതി,തിരുവനന്തപുരം, 05/08/2020

പരാമർശം:-

1. കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സമർ പ്പിച്ചിരിക്കുന്ന 20,09.2018,29.06.2019 തീയതികളിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 25/06/2020 ലെ DC3/24358/19 നമ്പർ കത്ത്

**ഉത്തരവ്**

2018 ആഗസ്റ്റ് മാസത്തിലെ മഹാ പ്രളയത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കിടെ മരണപ്പെട്ട ശ്രീ.അബ്ദുൾ ജലീൽ, ശ്രീ.അശോകൻ എന്നിവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ (അഞ്ച് ലക്ഷം) വീതം, ആകെ 10 ലക്ഷം രൂപ കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ ആവശ്യപ്പെട്ടിരുന്നു . മറ്റ് സാമ്പത്തിക സ്ഥിതിയോ വരുമാന മാർഗ്ഗമോ ഒന്നും തന്നെയില്ലാത്ത നിരാലംബരായ ഈ കുടുംബാംഗങ്ങൾ, മരണപ്പെട്ടവരെ മാത്രം ആശ്രയിച്ച് ജീവിച്ച് പോന്നിരുന്നവരാണെന്നും , സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നും പ്രസ്തുത കുടുംബംഗങ്ങളെ സഹായിക്കണമെന്ന ആവശ്യം ഉയർന്നതു കൊണ്ടും, ടിയാളുകളുടെ സാമ്പത്തിക പശ്ചാത്തലം പരിഗണിച്ചും കൊണ്ടാണ് നഗരസഭ ധനസഹായം നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 മഹാ പ്രളയത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കിടെ മരണപ്പെട്ട ശ്രീ.അബ്ദുൾ ജലീലിന്റെ കുടുംബത്തിനും, ശ്രീ.അശോകന്റെ കുടുംബത്തിനും 2 ലക്ഷം രൂപ (രണ്ട് ലക്ഷംരൂപ ) വീതം നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SUNITHA I**
**DEPUTY SECRETARY**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർപേഴ്സൺ,കളമശ്ശേരി നഗരസഭ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ

Signature valid

Digitally signed by ...NDU
Date: 2020.08.05 ...6:03 IST
Reason: Appro...